milma®
Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode-673571, Kerala

No:MRU:P&I:15:MLP:/32 12.04.2022

## സർക്കുലർ 865/2022

വിഷയം:- ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾക്ക് അധിക പാൽവില നൽകുന്നത് സംബന്ധിച്ച്-

സൂചന:- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ **31.03.2022** തിയ്യതിയിലെ 6-ാം നമ്പർ തീരുമാനം.

മേൽ സൂചന പ്രകാരം 2022 മാർച്ച് 1 മുതൽ 31 വരെ 'മിൽമയ്ക്ക് ലഭിക്കുന്ന പാലിനെ അടിസ്ഥാനമാക്കി അധികവില നൽകുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾക്കുള്ള "വിഷു കൈനീട്ടം"**

2022 മാർച്ച് 1 മുതൽ 31 വരെ മിൽമയിലേക്ക് നൽകിയ മുഴുവൻ പാലിനും ലിറ്റർ ഒന്നിന് 3 രൂപ വീതം വിഷു പ്രമാണിച്ച് അധിക പാൽവിലയായി നൽകുന്നതാണ്. ഇത് പാലിന്റെ ഗുണനിലവാരം (SNF%) അനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| |
|---|
| 8.3 % SNF ഉം അതിന് മുകളിലുമുള്ള പാലിന് ലിറ്ററിന് 3 രൂപ പ്രകാരം. |
| 8.3% ത്തിന് താഴെയുള്ള SNF ഉള്ള പാലിന് ലിറ്ററിന് 2 രൂപ 50 പൈസ പ്രകാരം. |

ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾ 01.03.2022 മുതൽ 31.03.2022 വരെയുള്ള പാലിന് മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും ക്ഷീരകർഷകർക്ക് (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) **വിഷുക്കൈനീട്ടമായി** 2022 ഏപ്രിൽ 14 നു മുൻപായി വിതരണം ചെയ്യേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു. ആയത് ക്യാഷ് ബുക്കിൽ 25.04.2022 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി & ഐ യൂണിറ്റ് അധികാരികൾക്ക്, 30.04.2022 നു മുമ്പായി ക്ലെയിം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി തുക വിതരണം നടത്താത്ത ക്ഷീര സംഘങ്ങൾക്ക് നൽകിയ അധികവില തിരികെ പിടിക്കുന്നതായിരിക്കും.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

മാനേജിംഗ് ഡയറക്ടർ

യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃക സംഘങ്ങൾക്കും

പകർപ്പ്- സീനിയർ മാനേജർ, കോഴിക്കോട് ഡെയറി
എല്ലാ ഡെയറി / ചില്ലിംഗ് പ്ലാന്റ് മാനേജർമാർക്കും
ജില്ല/പി & ഐ യൂണിറ്റ് മേധാവികൾ, മാനേജർ, സി.പി.ഡി,
ഡിപ്പാർട്ട്മെന്റ് ഹെഡ്സ്, എച്ച്.ഒ, പി.എസ്സ്. റ്റു എം.ഡി,
പ്രിൻസിപ്പാൾ, എച്ച്.ആർ.ഡി.സി, നടുവട്ടം
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)

M. R. C. M. P. U. LTD.
DESPATCHED
Date: 13/4/22